# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:...........................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.15/1622/2019

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.30.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്രഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഒന്നാംഭാഗത്തെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.കെ.ഡി.പി.പി.15/1622/2019 തീയതി:30.09.2019

## <u>കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.03.2019 മുതൽ 23.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.08.2019 മുതൽ 04.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എം.കരുണാകരൻ,ഓഡിറ്റ് ഓഫീസർ . |
| | സി.പി.സതീഷ് കുമാർ,അസി.ഓഡിറ്റ് ഓഫീസർ. |
| | ലതീഷ് കുമാർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സാജിദ്,ഓഡിറ്റർ. |
| | ശ്രീജിത്ത്.കെ.വി.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | റീന. കെ.എം. | 01.04.2018 മുതൽ .31.03.2019 വരെ |
| സെക്രട്ടറി | മനോജ്.ഒ | 01.04.2018 മുതൽ .31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | ഷെറിൻ റിഷാദ് | 01.04.2018 മുതൽ .24.02.2019 |

| | | |
|---|---|---|
| | | വരെ |
| | ജിജിഷ.പി.കെ. | 25.02.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി. | ഷിബു.ഇ.എം. | 01.04.2018 മുതൽ 29.06.2018 വരെ |
| | രാജീവൻ.വി.വി. | 30.06.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ. | സുഹാസ്.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ആരതി രഞ്ജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | നർദ്ദ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ. | സൗദ.കെ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,ടി.എച്ച്.സി | വിനോദ്കുമാർ | 01.04.2018 മുതൽ 30.04.2018 വരെ |
| | ഷാമിൻ | 01.05.2018 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ് സൂപപ്പർവൈസർ. | രാധ | 01.04.2018 മുതൽ 14.09.2018 വരെ |
| | ഷീന | 15.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | അനീഷ് കുമാർ.ആർ.യു. | 01.04.2018 മുതൽ 31.03.2019 വരെ |
| | വിശ്വൻ. ഉമ്മൽ | 01.04.2018 മുതൽ 04.03.2019 വരെ |
| | ജംഷീർ. | 05.03.2019 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. | സുരേന്ദ്രൻ | 01.04.2018 മുതൽ .31.03.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ. | ലീന.ടി.കെ. | 09.07.2018 മുതൽ 31.03.2019 വരെ |
| | ശിജിന.എ. | 01.04.18 മുതൽ 08.07.2018 വരെ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഭരണ സമിതിയുടെ 20/03/2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 25/05/2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 20.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി. ഇ2/887/2019(53) തീ.27.07.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10629404 |
| വരവ് | 125099634 |
| ആകെ | 135729038 |
| ചെലവ് | 112403789 |
| നീക്കിയിരിപ്പ് | 23325249 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 20589242 | 20589242 | 18906230 | 1683012 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 10142000 | 10142000 | 8337198 | 1804802 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 258000 | 258000 | 129000 | 129000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 7347000 | 7347000 | 7347000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 4229000 | 4229000 | 3597624 | 631376 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 9556000 | 9556000 | 8968320 | 499618 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 78386112 | 78386112 | 78386112 | |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9034 | 1320411 | 1329445 | 945140 | 384305 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടോട്ടൽ സാനിറ്റേഷൻ | 3412042 | 1711994 | 5124036 | 1485694 | 3638342 |
| | ഐ.സി.ഡി.എസ് | 346605 | 924675 | 1271280 | 1077866 | 193414 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 3350000 | 3350000 | 2061611 | 1288389 |
| | ജില്ലാ പഞ്ചായത്ത് | 5150000 | 4117188 | 9267188 | 5396985 | 3870203 |
| ബി ഫണ്ട് | | - | 53153520 | 53153520 | 53153520 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 217197535 | 123 | 78934727 | 34 | 79 | 52.12 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9034 | 1320411 | 1329445 | 945140 | 384305 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 78386112 | 78386112 | 78386112 | - |
| ആകെ | 9034 | 79706523 | 79715557 | 79331252 | 384305 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 415320 | 202 |
| കർഷകതൊഴിലാളി പെൻഷൻ | 12685100 | 961 |
| വിധവാപെൻഷൻ | 15766000 | 1251 |
| വാർദ്ധക്യകാലപെൻഷൻ | 19292800 | 1608 |
| വികലാംഗപെൻഷൻ | 4381500 | 350 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 442800 | 36 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36341 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2019 മുതൽ 26.02.2019 വരെ | 12/18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/12/15 മുതൽ 29/12/15 വരെ | 2010-11 മുതൽ 2014-15 വരെ | LBA(HQ)VI/8a/2365/880. തീ. 28.01.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) സിൻഡിക്കേറ്റ് ബാങ്ക്,പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ്ബാങ്ക്,ട്രഷറി എന്നിവിടങ്ങളിലാണ് നിലവിൽ തനത്ഫണ്ട് നിക്ഷേപിക്കുന്നത്. സിൻഡിക്കേറ്റ് ബാങ്കിൽ( അക്കൗണ്ട് നം.28334) 5661134 രൂപയും പേരാമ്പ്ര റീജ്യണൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ (അക്കൗണ്ട് നം.4167) 4160604 രൂപയും ടി.എസ്.ബി.യിൽ 5775413 രൂപയും 31/03/2019 ന് നീക്കിയിരിപ്പുണ്ട്. ടോട്ടൽ സാനിട്ടേഷൻ, ഐ.സി.ഡി.എസ്, ബഡ്സ് സ്കൂൾ ഗ്രാന്റ്, ഗുണഭോക്തൃവിഹിതം തുടങ്ങിയ തുകകൾ മേൽപ്പറഞ്ഞ സിൻഡിക്കേറ്റ് ബാങ്കിലാണ് സൂക്ഷിച്ചിരിക്കുന്നത്. എന്നാൽ ഓരോ അക്കൗണ്ടുകളിലും ഏതൊക്കെ ഫണ്ടുകളാണ് നീക്കിയിരിപ്പുള്ളത് എന്ന വിവരം കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വകമാറി ചെലവഴിക്കാതിരിക്കുന്നതിനും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2) ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-18) പ്രകാരം വിവിധ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് മുൻകൂർ നൽകിയതിൽ 436500 രൂപ ക്രമപ്പെടുത്താനവശേഷിക്കുന്നതായി കാണുന്നു.മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 9 പ്രവൃത്തികൾക്ക് 2008-09 മുതൽ കൺവീനർമാർക്ക് മുൻകൂർ നൽകിയ തുകയാണിതെന്ന് കാണുന്നു. പരിശോധന നടത്തി മുൻകൂറുകൾ തിരിച്ചുപിടിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

3) ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-7),ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം 12248779 രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്.എന്നാൽ നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5) ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ VAT ഇനത്തിൽ 231165 രൂപയും ആദായ നികുതി ഇനത്തിൽ 40044 രൂപയും സേവന നികുതി ഇനത്തിൽ 83346 രൂപയും മണൽ റോയൽറ്റി ഇനത്തിൽ 43235 രൂപയും സ്ഥാപനത്തിന് ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്. തുക അടവാക്കി ബാധ്യത കയ്യൊഴിഞ്ഞിട്ടില്ല.

6) പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 4167 നമ്പർ അക്കൗണ്ടിൽ പരിപാലിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിൽ സ്ഥാപനം നൽകിയതും മൂന്ന് മാസ കാലാവധി പിന്നിട്ടതും പണമാക്കാത്തതുമായ ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തീയതി | ചെക്ക് നം/തീയതി | തുക |
|---|---|---|---|
| 1 | 21800476/3.8.18 | 248963/3.8.18 | 3800 |
| 2 | 21800151/21.5.18 | 45865/16.5.18 | 1000 |

7) കുടിശ്ശിക, തൻവർഷത്തെ ഭരണ ചെലവുകളുടെ കുടിശ്ശിക എന്നിവ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-12 വസ്തുനികുതി - അപാകതകൾ

**<u>ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിൽ വീഴ്ച</u>**

അമ്മത്,മാമി,ഹമീദ്, രാജീവ്, ചേണർകണ്ടി എന്നിവരുടെ 23.05.2018 തീയതിയിലെ എ2-4892/18 നമ്പറായുള്ള കെട്ടിട നിർമ്മാണ ക്രമവത്കരണ അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 297.39 ച.മീ.ആയതിൽ അപേക്ഷക്ക് മുൻപുള്ളതും നമ്പറനുവദിച്ചതുമായ ( നിലവിലുള്ള) കെട്ടിടത്തിന്റെ വിസ്തീർണ്ണമായി കാണിച്ചിട്ടുള്ളത് 168.07 ച.മീ. ആണ്. 12/1346, 12/1347, 12/1348, 12/1349, 12/1350, 12/1347എ, 12/1347 ബി, 12/1347 സി, 12/1348 ഡി എന്നിവയാണ് നിലവിലുള്ള കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള നമ്പറുകൾ.എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചത് പ്രകാരം പ്രസ്തുത നമ്പറുകളുടെ ആകെ വിസ്തീർണ്ണം 133 ച.മീ മാത്രമാണ്. വസ്തു നികുതി പരിഷ്കരണത്തിന് ശേഷം ഘടനാ പരമായി മാറ്റം വരുത്തിയ കെട്ടിടത്തിന്റെ ഭാഗത്തിന് നികുതി വിധേയമാക്കുന്നതിൽ വീഴ്ചയുണ്ടായി എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഇത്തരത്തിൽ വസ്തു നികുതി പരിഷ്കരണത്തിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ പരിശോധനകൾ 2018-19 വർഷത്തിൽ നടത്തിയിട്ടില്ല. ആയതിനാവശ്യമായ സംവിധാനങ്ങളൊരുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>തെറ്റായ നികുതി നിരക്കിൽ നികുതി നിർണ്ണയം നടത്തി.</u>**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ്സ്ഥാപനം നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ

തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് വരുത്തേണ്ട15% വർദ്ധനവും ബാധകമാക്കാൻ സാധിക്കുന്നില്ല. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും പ്രത്യേക കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയം നടത്തേണ്ടതാണ് എന്ന് ചട്ടം 3 പ്രകാരം വ്യക്തമാക്കിയത് സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് പ്രതികൂലമാവുന്ന രീതിയിൽ വ്യാഖ്യാനിച്ച് ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തുന്നുണ്ട്. ഇപ്രകാരം വ്യത്യസ്ത നമ്പറുകൾ നൽകിയിട്ടുള്ളതും 100 ച.മീ കൂടുതൽ വിസ്തൃതി ഉള്ളതുമായതും എന്നാൽ ഒരൊറ്റ സ്ഥാപനം പ്രവർത്തിക്കുന്നതുമായ കെട്ടിടങ്ങൾക്ക് പോലും ബാധകമായതിലും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാ- അബ്ദുൾ സത്താർ, ഇബ്രാഹിം. പരപ്പൂർ മീത്തൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ റൂമുകൾക്ക് 13/172 A-D എന്നീ നമ്പറുകൾ നൽകി 100 ച.മീ കുറഞ്ഞ വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലുള്ള വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ ഇൻഡസ് മോട്ടോഴ്സ് എന്ന ഒരൊറ്റ സ്ഥാപനമാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് / ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 12/135 A-L | കുഞ്ഞബ്ദുള്ള, അബ്ദുൾ ഹമീദ്, അബൂബക്കർ കരുവാൻകുന്നത്ത്. | തറ വിസ്തീർണ്ണം- , 314.88 | 50/ 100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യം. | അടിസ്ഥാന വസ്തുനികുതി- 15744 വർദ്ധനവ്- 3149 (+20%, വഴി)- ആകെ-18893 | 30/ 100 ച.മീ വരെയുള്ള വാണിജ്യാവശ്യം, | 11598 | 7295 |
| 2 | 13/172 A-D | അബ്ദുൾ സത്താർ, ഇബ്രാഹിം. പരപ്പൂർ മീത്തൽ | തറ വിസ്തീർണ്ണം 218.48 | 50/ 100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യം. | അടിസ്ഥാന വസ്തുനികുതി- 10924 വർദ്ധനവ്- (+20%, വഴി)-2189 ആകെ-13109 | 30/ 100 ച.മീ വരെയുള്ള വാണിജ്യാവശ്യം, | 7717 | 5392 |

ഒരേ ഉപയോഗ ക്രമത്തിലുള്ളതും ഒരേ ഉടമയുടേതുമായ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ചതിന്റെയും കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഉദാഹരണങ്ങളെ മുൻനിർത്തി ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനപരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>നികുതി പ്രാബല്യ തീയതിയിൽ വ്യത്യാസം</u>**

13.03.2017 തീയതിയിലെ 2752/17 ഫയൽ നമ്പറായുള്ള ചെയർമാൻ, കർമ്മ ചാരിറ്റബിൾ ട്രസ്റ്റ് എന്നവരുടെ ഹോസ്റ്റൽ കെട്ടിട നിർമ്മാണ പൂർത്തീകരണ അപേക്ഷയിൽ 12/207 ഇ, എഫ് നമ്പറുകൾ അനുവദിച്ച് യഥാക്രമം 2099, 5600 രൂപ വാർഷിക വസ്തു നികുതി നിർണ്ണയിച്ച് 01.04.2018 മുതൽ നികുതി ഈടാക്കിയിട്ടുണ്ട്. 27.09.2017 തീയതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ച കെട്ടിടത്തിന്റെ വസതുനികുതി പ്രാബല്യ തീയതി 01.09.2017 മുതൽ ബാധകമാക്കേണ്ടതാണ്. 01.04.2018 മുതൽ നികുതി ബാധകമാക്കിയത് മൂലം 2017-18 വർഷത്തെ രണ്ടാം അർദ്ധവർഷത്തെ വസ്തുനികുതിയായ 3900 രൂപ സ്ഥാപനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. 27.09.2017 ൽ ഉടമ സമർപ്പിച്ച പൂർത്തീകരണ സാക്ഷ്യപത്രത്തിലും അപേക്ഷയിലും കെട്ടിടത്തിന്റെ 2,3 നിലകളിലെ നിർമ്മാണം പൂർത്തീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. നികുതി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥരുടെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും വീഴ്ചയാണ് നഷ്ടത്തിന് കാരണമായിട്ടുള്ളത്. നഷ്ടം വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 പെർമിറ്റ് പ്രകാരമുള്ള ഉപയോഗ ക്രമത്തിൽ വ്യതിയാനം- ക്രമവത്കരണ ഫീ ഈടാക്കിയതിൽ കുറവ്.

ശ്രീ.ബൈജു.ടി.എം. തൈക്കണ്ടി മീത്തൽ എന്നവർക്ക് 30.06.2017 ലെ എ2-5868/17 നമ്പർ പെർമിറ്റ് മുഖേന എ 1 ഗണത്തിലുള്ളതും 278.32 ച.മീ വിസ്തീർണ്ണമുള്ളതുമായ പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ 01.12.2018 ലെ എ2-9681/18 നമ്പറായുള്ള പൂർത്തീകരണ അപേക്ഷ പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് സമർപ്പിച്ചിട്ടുള്ളത്.306.67 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം വാണിജ്യ-താമസ ആവശ്യത്തിലേക്കാണ് പൂർത്തിയാക്കിയിട്ടുള്ളത്. ആയത് പ്രകാരം 134.19 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ പെർമിറ്റ് പ്രകാരം നിർമ്മാണ അനുമതി ഉള്ളതിനേക്കാൾ 28.35 ച.മീ അധികരിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. അധികരിച്ച വിസ്തീർണ്ണത്തിന് ആനുപാതികമായി മാത്രമാണ് പെർമിറ്റ് ഫീ ഈടാക്കിയിട്ടുള്ളത്. ഉപയോഗ ക്രമം മാറിയ സാഹചര്യത്തിലും മതിയായ ക്രമവത്കരണ ഫീ ഈടാക്കാതെ നമ്പർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിനും ആനുപാതികമായി ക്രമവത്കരണ ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 കെട്ടിട നിർമ്മാണ നിയന്ത്രണം- ഫീൽഡ് പരിശോധന നടത്തിയ സൈറ്റിലെ അനധികൃത കെട്ടിടം റിപ്പോർട്ട് ചെയ്തില്ല

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ൽ റീ.സർവ്വെ നം 102/1 ആയിട്ടുള്ള 87.75 സെന്റ് ഭൂമിയിൽ നിർമ്മിച്ച ഒരു ഹോസ്റ്റൽ കെട്ടിടം ക്രമവത്കരിക്കുന്നതിന് വേണ്ടി 01.03.2017 തീയതിയിൽ ശ്രീ.എ.കെ.തരുവായി, ചെയർമാൻ, കർമ്മ ചാരിറ്റബിൾ ട്രസ്റ്റ് എന്നവർ സമർപ്പിച്ച അപേക്ഷയിലെ സൈറ്റ് പ്ലാനിൽ ഇതേ സൈറ്റിൽ 7/209.എ നമ്പറായുള്ള വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന് സമീപത്തായി നമ്പർ ഇല്ലാത്ത ഒരു കെട്ടിടം രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തേകുറിച്ച് പരാമർശമില്ല. 31.10.2017 തീയതിയിലെ 10476/17 നമ്പറായുള്ള ശ്രീ.എ.കെ.തരുവായി, ചെയർമാൻ, കർമ്മ ചാരിറ്റബിൾ ട്രസ്റ്റ് എന്നവർ സ്റ്റോറേജ് ആവശ്യത്തിനുള്ള പ്രസ്തുത കെട്ടിടം ക്രമവത്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും കെട്ടിടം ക്രമവത്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത അപേക്ഷയിലെ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ7/209.എ നമ്പറായുള്ള വിദ്യഭ്യാസ ആവശ്യത്തിനുള്ളതും നിലവിലുണ്ടായിരുന്നതുമായ കെട്ടിടത്തിന്റെ ഘടന 01.03.2017 തീയതിയിൽ സമർപ്പിച്ച പ്ലാനിൽ നിന്നും വ്യത്യാസപ്പെട്ടതായി കാണുന്നു.

ഒരു ഉദ്യോഗസ്ഥൻ തന്നെയാണ് മേൽ അപേക്ഷകളിന്മേൽ പരിശോധന നടത്തിയിട്ടുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമാണ്. പരിശോധനയിൽ സൈറ്റിലുണ്ടായിരുന്ന അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല എന്നത് വീഴ്ചയാണ്.2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട് . പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് സഹായകമായല്ല പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുന്നത്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ നം.12900/ആർ.എ 1/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിബന്ധന 6 പ്രകാരമല്ല പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തരത്തിൽ ഫീൽഡ് തല റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് 02.12.2015 ലെ നം.12900/ആർ.എ 1/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-15 റോഡ് വികസനത്തിനായി ഭൂമി വിട്ടു നൽകിയ പ്ലോട്ടിലെ നിർമ്മാണം-നടപടി ക്രമം പാലിച്ചില്ല.

സ്വരാജ്.ഒ.എം. സൗപർണ്ണിക, പേരാമ്പ്ര എന്നവരുടെ 25.07.2017 ലെ എ2-7450/17 നമ്പറായുള്ള കെട്ടിടം മാറ്റം വരുത്തൽ (മേൽക്കൂര മാറ്റൽ , ഷട്ടർ ഇടൽ ) അപേക്ഷ പ്രകാരം 07.10.2017 തീയതിയിലെ എ2-7450/17 നമ്പർ പെർമിറ്റ് മുഖേന അനുമതി നൽകുകയും 6/8/18 ലെ എ2-7029/19 നമ്പർ അപേക്ഷ പ്രകാരം നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 77 പ്രകാരം ഭൂമിയുടെ ഭാഗം റോഡ് വികസനത്തിന് സൗജന്യമായി വിട്ടുനൽകിയ പ്ലോട്ടുകളിലെ നിർമ്മാണ അപേക്ഷകൾ അനുബന്ധം എ1 ൽ സമർപ്പിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 81 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടില്ല.
3. സഞ്ചയ അസസ്മെന്റ് ഫോറം പ്രകാരം കെട്ടിടത്തിന്റെ 47.92 ച.മീ തറവിസ്തീർണ്ണത്തിൽ വരുത്തിയതായി കാണുന്നു.
4. 2 നില മാത്രമുള്ള കെട്ടിടത്തിന്റെ (തറനില, ഒന്നാം നില ) മേൽക്കൂര മാറ്റൽ, ഷട്ടർ ഇടൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള അപേക്ഷയിൽ, 3 നില (തറനില, ഒന്നാം നില, രണ്ടാം നില ) നിർമ്മാണ അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളത്.
5. സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച് 11 ൽ അധികം വിവരാവകാശ അപേക്ഷകളും 5 ൽ അധികം പരാതികളും സ്ഥാപനത്തിൽ ലഭിച്ചതായി കാണുന്നു. മേൽക്കൂര മാറ്റൽ, ഷട്ടർ ഇടൽ പ്രവൃത്തികൾക്ക് പകരം കെട്ടിടത്തിന്റെ ഒരു ഭാഗം പുനർനിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് പരാതി ഫയലിൽ ഉൾകൊള്ളിച്ചിട്ടുള്ള ഫോട്ടോയിൽ നിന്നും വ്യക്തമാണ്. കൂടാതെ ഒന്നാം നിലക്ക് മുകളിൽ നിർമ്മിച്ച പില്ലറുകൾ പഞ്ചായത്ത് നോട്ടീസ് നൽകി പൊളിച്ച് മാറ്റുകയും ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 77 പ്രകാരമുള്ള നിബന്ധനകൾ ഉറപ്പ് വരുത്തുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കുന്നതിനും അപാകതകൾക്ക് വിശദീകരണമാരാഞ്ഞും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടുകൾ, കുറിപ്പ് ഫയലുകൾ എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 കെട്ടിടത്തിന് ഒരേ സമയം രണ്ട് ഘടന.

ശ്രീ.രാജബാലൻ, വടക്കെ പറമ്പിൽ, പേരാമ്പ്ര എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് മാറ്റം വരുത്തുന്നതിന് വേണ്ടി 10.10.18 തീയതിയിൽ എ2-8503/18 നമ്പറായി സമർപ്പിച്ച അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 804.01 മീറ്ററാണ്. പ്രസ്തുത അപേക്ഷയിലെ എലിവേഷൻ പ്ലാൻ (മുഖ വീക്ഷണ ചിത്രം ) പ്രകാരം മൂന്നാം നിലയിൽ നിർമ്മാണം നടത്തിയിട്ടുണ്ട്. അപേക്ഷയിൽ സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ ' കെട്ടിടത്തിന്റെ രണ്ടാംനിലയിലും മൂന്നാം നിലയിലും അധികരിച്ച നിർമ്മാണ പ്രവൃത്തിക്ക് അനുസൃതമായുള്ള പാർക്കിംഗ് പ്ലാൻ ഇല്ലാത്തതിനാൽ അപേക്ഷ നിരസിക്കാവുന്നതാണ്' എന്ന് ശുപാർശ ചെയ്യുകയും സെക്രട്ടറി ശുപാർശ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.കെട്ടിട ഉടമക്ക് നോട്ടീസ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

04.12.18 ൽ അപേക്ഷകൻ സമർപ്പിച്ച 9736/18 നമ്പറായുള്ള അപേക്ഷയിലെ പ്ലാൻ പ്രകാരം കെട്ടിടത്തിന് മൂന്നാം നില ഇല്ല. ആകെ തറവിസ്തീർണ്ണം 700.55 ച.മീ ആണ്. അപേക്ഷയിന്മേൽ പാർട്ടീഷൻ അനുവദിച്ച് നമ്പർ നൽകിയിട്ടുണ്ട്. 2 പ്ലാനുകളും തയ്യാറാക്കിയ തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 02.10.2018 എന്നാണ്. അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടില്ല. ആദ്യം സമർപ്പിച്ച പ്ലാനിൽ നിന്നും കെട്ടിടത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തിയ ശേഷമാണോ രണ്ടാമത് അപേക്ഷ നൽകിയതെന്നത് വ്യക്തമല്ല. കെട്ടിടത്തെ സംബന്ധിച്ച 2 അപേക്ഷകളും 2 പ്രത്യേക ഫയലുകളായാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഒരു കെട്ടിടം സംബന്ധിച്ച അപേക്ഷകൾ ഒരൊറ്റ ഫയലായി കൈകാര്യം ചെയ്യണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.അന്വേഷണ റിപ്പോർട്ട് സമഗ്രമല്ലാത്തതിനാൽ ഒന്നാമത് സമർപ്പിച്ച അപേക്ഷയിന്മേലുള്ള ചട്ടലംഘനങ്ങൾ മറികടക്കുന്നതിന് പ്ലാനിൽ കൃത്രിമം കാണിച്ച് അപേക്ഷ പുനസമർപ്പിച്ചതാണോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ലെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്.

അപാകതകൾക്ക് മറുപടി നൽകേണ്ടതും കെട്ടിടത്തിന്റെ നിലവിലെ ഘടന, സഞ്ചയ പ്രകാരം കെട്ടിടത്തിന് നിലവിലുള്ള നമ്പറുകൾ, ആകെ വിസ്തീർണ്ണം, നികുതി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . കെട്ടിടത്തിന്റെ മൂന്നാം നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിൽ വീഴ്ച വന്നു.

പഞ്ചായത്തിലെ തൊഴിൽനികുതി അടക്കേണ്ട മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തലത്തിലെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ തൊഴിൽനികുതി രജിസ്റ്ററിൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി പിരിവിന്റെ വൗച്ചർ നമ്പറും തീയതിയും ഒന്നു തന്നെയാണ രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിൽ ഉള്ള സ്ഥാപനങ്ങളിൽ 117 സ്ഥാപനങ്ങൾ 2018 -19 ആദ്യപകുതിയിൽ നികുതി അടച്ചിട്ടില്ല. ഇതിൽ എത്ര സ്ഥാപനങ്ങളാണ് 2018 -19 ൽ പുതുതായി തുടങ്ങിയത് എന്നത് വ്യക്തമല്ല. ആദ്യപകുതിയിൽ നികുതി അടക്കാത്ത എല്ലാ സ്ഥാപനങ്ങൾക്ക് നേരെയും ഡിമാൻഡ് പൂജ്യം ആയി കാണിച്ചിരിക്കയാണ്. ഈ കാരണങ്ങളാൽ നികുതി പിരിവിന്റെ യഥാർത്ഥ ശതമാനം കണക്കാക്കാൻ കഴിയില്ല. ചില സ്ഥാപനങ്ങൾ 2018 - 19 ആദ്യപാദത്തിൽ തന്നെ ഡി & ഒ ലൈസൻസ് പുതുക്കിയതായി കാണുന്നു. (ഉദാ. 1)നാഷണൽ ഏജൻസിസ് , 2) ജസ്ന ജ്വല്ലറി.) തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നതായി ഇതിൽ നിന്നും വ്യക്തമാണ്. ഇതു വഴി പഞ്ചായത്തിന് തൊഴിൽനികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 വാടക ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.

മുറികളുടെ അടിസ്ഥാന നിരക്ക് നിശ്ചയിക്കാത്തതിനാൽ വളരെ കുറഞ്ഞ തുകയിലാണ് ലേലം വിളി തുടങ്ങുന്നത് . ഫിനാൻസ് മാനേജ്മെന്റ് മാന്വലിലെ(റവന്യൂ) ഖണ്ഡിക 5.7.1 പ്രകാരം ഷോപ്പിംഗ് കോംപ്ളക്സുകളുടെ ലേലക്കാര്യത്തിൽ , ലേലം ചെയ്യുന്ന മുറികളുടെയോ സ്ഥലങ്ങളുടെയോ അടിസ്ഥാന നിരക്ക് പ്രതിപാദിക്കുന്ന എൽ എസ് ജി ഡി എഞ്ചിനീയറുടെ ഫെയർ റെൻറ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. അത് ഫയലിൽ ലഭ്യമല്ല .

DFM - 8 എന്ന കടമുറി 2018 ആഗസ്ത് മാസം വരെ 14885/- രൂപയ്ക്കാണ് വാടകയ്ക്ക് നൽകിയിരുന്നത് . ഈ വാടകക്കാരൻ ഒഴിഞ്ഞതിനു ശേഷം നടന്ന ലേലത്തിൽ ഈ മുറിയ്ക്ക് നിശ്ചയിച്ച വാടക 11500/- രൂപ മാത്രമാണ് . 7000/- രൂപയിലാണ് ഈ ലേലം വിളി തുടങ്ങിയത് . നിലവിലെ വാടകയിൽ നിന്നും കുറഞ്ഞ തുകയ്ക്ക് വാടക ഉറപ്പിക്കുന്ന സാഹചര്യങ്ങൾ ഭരണസമിതി പുനഃപരിശോധന നടത്തേണ്ടതാണ്.

ടാക്സി സ്റ്റാൻഡിൽ നിന്നുള്ള ഫീസ് പിരിവ് പഞ്ചായത്തിന് ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല . ക്വട്ടേഷൻ/ ലേലത്തിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത ശ്രീ പി കെ റഹീം എന്ന വ്യക്തിക്ക് ഫീസ് പിരിവ് അനുവദിച്ചുകൊണ്ട് 11/6/18 ലെ ഭരണസമിതി തീരുമാനമെടുത്തിരുന്നു. അതു പ്രകാരം അദ്ദേഹം തുക അടയ്ക്കുകയും പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ടാക്സി ഡ്രൈവർമാർ ഫീസ് നൽകാൻ തയ്യാറാകാത്തതിനാൽ തുക തിരിച്ചു ലഭിക്കാൻ കരാറുകാരൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയാണ് ഉണ്ടായത് . പേരാമ്പ്ര ടാക്സി ഡ്രൈവേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റിയുമായി പഞ്ചായത്ത് അധികൃതർ ചർച്ച നടത്തിയെങ്കിലും ഫലമുണ്ടായില്ല .ടാക്സി സ്റ്റാൻഡിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനുശേഷമേ ഫീസ് നൽകാൻ കഴിയൂ എന്നതാണ് ടാക്സി ഡ്രൈവർമാരുടെ നിലപാട്. ഇതിനെത്തുടർന്ന് 13/ 11/18 ലെ ഭരണസമിതി തീരുമാനപ്രകാരം കരാർ റദ്ദാക്കി തുക തിരിച്ചു നൽകി . ടാക്സി സ്റ്റാൻഡിൽ നിന്നും പിരിക്കാനുദ്ദേശിക്കുന്ന ഫീസ് അധികമാണെന്നും അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്നും ചൂണ്ടിക്കാണിച്ച് പേരാമ്പ്ര ടാക്സി ഡ്രൈവേഴ്സ് കോ ഓർഡിനേഷൻ കമ്മിറ്റി ഒരു പരാതി നൽകിയിരുന്നു. ഈ പരാതി 23 /5 /18 ലെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തതായി കാണുന്നു. പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ തന്നെയാണ് പഞ്ചായത്ത് കരാറുമായി മുന്നോട്ട് പോയത്. ഇതുവരെയും പഞ്ചായത്തിന് അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് ഒരു വരുമാനമാർഗ്ഗമാണ് അടഞ്ഞു കിടക്കുന്നത്. ടാക്സി സ്റ്റാൻഡിൽ നിന്നുള്ള ഫീസ് വരവ് തുടങ്ങാനുള്ള നടപടികൾ പഞ്ചായത്ത് ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-19 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് പിരിവ് പൂർണമായില്ല.

പഞ്ചായത്ത് പരിധിയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല. 13 സ്ഥാപനങ്ങൾ മാത്രമാണ് 2018- 19 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നത് . ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങളിൽ പലതും ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല.

ഉദാ. 1) പേരാമ്പ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ

2) മേഴ്സി കോളേജ്

3)വർണമുദ്ര സ്കൂൾ ഓഫ് ഫൈൻ ആർട്സ്

പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-20 അനുമതി ലഭിച്ച് ഏഴു വർഷം കഴിഞ്ഞിട്ടും കാർഷിക വിപണന വിജ്ഞാനകേന്ദ്രത്തിന്റെ പ്രവർത്തി പൂർത്തീകരിച്ചില്ല

പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കാർഷിക വിപണന വിജ്ഞാനകേന്ദ്ര നിർമ്മാണത്തിന് 31-1-2013ലെ 71075/ഡി.എ2/2012/ത.സ്വ.ഭ.വ പ്രകാരം പ്ലാൻ, എസ്റ്റിമേറ്റ്, പ്രൊജക്ട് എന്നിവ തയ്യാറാക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 10,28,62,454/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വരേ കരാറുകാരന് 590,04,563/-രൂപ നൽകിയിട്ടുണ്ട്. കാർഷിക വിപണന വിജ്ഞാനകേന്ദ്ര നിർമ്മാണത്തിനായി തൻവർഷം അഞ്ച് പ്രൊജക്ടുകളിലായി തുക വകയിരുത്തിയതിന്റെ വിശദാംശം ചുവടെ കാണിക്കുന്നു.

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | തൻവർഷ ചെലവ് |
|---|---|---|---|
| 1 | കാർഷിക വിപണന കേന്ദ്രത്തിൽ പബ്ളിക് അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കൽ(247/19) | 10,98,000/- | ----- |
| 2 | കാർഷിക വിപണന കേന്ദ്രം പ്രവൃത്തി പൂർത്തീകരണം(248/19) | 198,00,000/- | ------ |
| 3 | കാർഷിക വിപണന കേന്ദ്രത്തിൽ എയർ കണ്ടീഷനിഗും ഡീസൽ ജനറേറ്ററും സ്ഥാപിക്കൽ(249/19) | 42,84,000/- | ----- |
| 4 | കാർഷിക വിപണന കേന്ദ്രവും കൃഷി വിജ്ഞാനകേന്ദ്രവും സ്ഥാപിക്കൽ(250/19) | 201,05,829/- | 105,829/- |
| 5 | അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് കോംപ്ളക്സ് കെട്ടിടത്തിൽ പവർ വയറിംഗ്(251/19) | 12,10,000/- | ----- |
| | | 464,97,829/- | 105,829/- |

02-09-2019ൽ നടത്തിയ സൈറ്റ് പരിശോധനയിൽ കെട്ടിടത്തിന്റെ പല ഭാഗങ്ങളും ചോർന്നൊലിക്കുന്നതായി കാണുകയുണ്ടായി. ഇത് തടയുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കാർഷിക വിപണന

വിജ്ഞാനകേന്ദ്ര നിർമ്മാണത്തിന് വേണ്ടിയെടുത്ത വായ്പാ ഇനത്തിൽ ഭീമമായ തുക പഞ്ചായത്ത് അടവാക്കിക്കൊണ്ടിരിക്കുമ്പോൾ പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയ 464,97,829/-രൂപയിൽ കേവലം 105,829/-രൂപ മാത്രം ചെലവഴിക്കാനുണ്ടായ സാഹചര്യം സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. പഞ്ചായത്തിന്റെ വരുമാനമാർഗമായി മാറേണ്ടിയിരുന്ന ഈ കേന്ദ്രത്തിന്റെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നതും ഈ ആവശ്യത്തിലേക്കെടുത്ത ലോണിന്റെ ഭീമമായ തിരിച്ചടവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നതാണ്. കാർഷിക വിപണന വിജ്ഞാനകേന്ദ്ര നിർമ്മാണത്തിനു വേണ്ടിയെടുത്ത വായ്പയുടെ ഭീമമായ തിരിച്ചടവിലേക്ക് ഈ കേന്ദ്രത്തിൽ നിന്നും വരുമാനം ലഭ്യമാവുന്ന തരത്തിൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി-കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച്.

പ്രൊജക്റ്റ് നമ്പർ- 7/2019

വകയിരുത്തിയ തുക - 1700000

ചെലവുതുക -1700000(ഗ്രാമപഞ്ചായത്ത് ,600000, ജില്ലാപഞ്ചായത്ത്

600000, ബ്ലോക്ക് പഞ്ചായത്ത് 500000)

പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 170000 രൂപ വീതം കൂലി ചെലവ് സബ്സിഡി ഇനത്തിൽ 100 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിന് ഗ്രാമസഭാലിസ്റ്റിൽപെട്ട 251 ഗുണഭോക്താക്കൾക്ക് 17 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് എകൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമായിട്ടുള്ളൂ. ഗുണഭോക്താക്കളുടെ നെൽകൃഷി ചെയ്യുന്ന ഭൂമി സംബന്ധിച്ച രേഖകൾ, വിള ഇൻഷൂർ ചെയ്തതിന്റ രേഖകൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. കാർഷിക മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 70 ഹെക്ടർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 പാടശേഖര സമിതികൾക്ക് പ്രൊജക്റ്റ്നമ്പർ 8/19 പ്രകാരം നെൽകൃഷിക്ക് വിത്ത് വിതരണം ചെയ്തതിൽ 38.25 ഹെക്ടർ സ്ഥലത്തേക്കുള്ള നെൽവിത്തുകൾ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ഒറ്റത്തവണത്തെ കൃഷിക്ക് മാത്രമാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നതെന്ന് കൃഷിഭവൻ അധികൃതർ അറിയിച്ചിട്ടുണ്ട്.പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 70 ഹെക്ടർ നെൽകൃഷി ചെയ്യുന്ന ഭൂമി ഉള്ള പഞ്ചായത്തിൽ 100 ഹെക്ടർ കൃഷിക്ക് കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കിയും ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ നെൽകൃഷി സംബന്ധിച്ച രേഖകൾ,വിളഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഭൂമി സംബന്ധിച്ച അപേക്ഷകൾ കൃഷി ഭവനിൽ വെള്ളം കയറി നശിച്ചതായി അറിയിച്ചിട്ടുണ്ട്.ഭൂ വിസ്തൃതിക്കാധാരമായ രേഖകൾ, വിള ഇൻഷൂറൻസ് രേഖകൾ എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-22 ക്ഷീരഗ്രാമം കറവപശുവാങ്ങുന്ന പദ്ധതി- പ്രെജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രെജക്റ്റ് നമ്പർ – 27/19

വകയിരുത്തിയ തുക – 2090000 ഗുണ.വിഹിതം – 2090000

ചെലവുതുക – 1705000(ബിൽ നമ്പർ 1/18-19 തി29.11.18 135000

3/18-19 തി. 31.12.18 - 112500

4/18-19 തി.31.12.18 – 220000

5/18-19 തി. 18.2.19 – 357500

6/18-19 തി. 27.2.19 – 302500

7/18-19 തി. 28/2/19 – 82500

8/18-19 തി. 18.3.19 – 302500

9/18-19 തി. 23.3.19 – 192500

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കറവപശുക്കളെ വാങ്ങാൻ സഹായം നൽകി പഞ്ചായത്തിലെ പാലുത്പാദന വർദ്ധനവ് ലക്ഷ്യംവെച്ച് നടപ്പിലാക്കിയ മേൽ പ്രെജക്ട് പ്രകാരം 62 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങിയതിനുള്ള ധനസഹായ മിനത്തിൽ 1705000 രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. ആനുകൂല്യം കൈപറ്റിയ മുഴുവൻ ക്ഷീരകർഷകർക്കും പശുവിന്റെ വില 55000 രൂപ കണക്കിലെടുത്ത് 50% സബ്സിഡി ഇനത്തിൽ 27500 രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും 4 കർഷകരൊഴികെ മറ്റുള്ളവരെല്ലാം 50000 രൂപ വിലകണക്കാക്കിയാണ് പശുവിനെ ഇൻഷൂർ ചെയ്തിരിക്കുന്നത്.

2. പ്രെജക്ട് പ്രകാരം പഞ്ചായത്തിലെ പാലുത്പാദനവർദ്ധനവ് ലക്ഷ്യംവെച്ച് ബ്ലോക്ക് പരിധിക്ക് പുറത്തുനിന്നും പശുവിനെ വാങ്ങാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആനുകൂല്യം കൈപറ്റിയ 62ഗുണഭോക്താക്കളിൽ 54 പേരും ബ്ലോക്ക് പരിധിക്കുള്ളിൽ നിന്നാണ് പശുക്കളെ വാങ്ങിയിരിക്കുന്നത്. ആയതിൽതന്നെ 35 പേർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നും പശുക്കളെ വാങ്ങിച്ചതായി രേഖകളുടെ പരിശോധനയിൽ വ്യക്തമാവുന്നു

3. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 4 പേർ വൗച്ചർ പ്രകാരമുള്ള പശുക്കളുടെ വിലയുടെ 50% ൽ അധികം തുക ആനുകൂല്യമായി കൈപറ്റിയതായി കാണുന്നു. വിശദ വിവരം താഴെക്കൊടുക്കുന്നു

| പശുവിനെ വാങ്ങിയ ആളുടെ പേര് | വൗച്ചർ പ്രകാരം വാങ്ങിയ വില | അനുവദിച്ച സബ്സിഡി തുക | അർഹമായ തുക | അധികം |
|---|---|---|---|---|
| ചന്ദ്രിക ഇ. പുന്നച്ചാലിൽ | 50000 | 27500 | 25000 | 2500 |
| പാമ്പന്റെ കീഴിൽ ഗീത | 50000 | 27500 | 25000 | 2500 |
| സതി വെള്ളയോട്ട് ചാലിൽ | 54000 | 27500 | 27000 | 500 |
| നാരായണി പടിഞ്ഞാറയിൽ | 53000 | 27500 | 26500 | 1000 |
| | | | | 6500 |

സ.ഉ.എം എസ് നമ്പർ22/18 തി 14.2.18 സബ്സിഡി മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡിപരിധി പശുക്കളുടെ വിലയുടെ 50% ൽ അധികരിക്കാൻ പാടില്ല. പ്രൊജക്ട് നടത്തിപ്പിൽ

ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയും തടസ്സം ഒഴിവാക്കാവുന്നതാണ്.അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-23 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു.സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | കൊളോറമല കോളനി റോഡ് (202/19) | 350,000 | സുരേന്ദ്രൻ.പി.കെ,എസ്റ്റിമേറ്റ് നിരക്ക് | 36/17-01-2019, 350,000/- |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| 1 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|
| | കരാർ തുക | പൂർത്തീകരിക്കേണ്ട തിയ്യതി,കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ 25%*തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | 350,000 | 180ദിവസം (15-09-2019) | 4-01-2019 (111 ദിവസം) | 3500(45ദിവസം) | (66ദിവസം/45=1.46) 7000x1.46=10220/- | 13720/- |

ടെണ്ടർ ചെയ്ത്,കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാകുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 13720/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

**എ)** പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്.മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം.13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഇത്രയും പ്രാധാന്യമുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് ബുക്ക് പോലും പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സമിതിയുമായി ബന്ധപ്പെട്ട് മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**ബി)** മേൽ ഉത്തരവ് 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്,വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ തുടർ വർഷങ്ങളിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 അടിസ്ഥാന സൌകര്യമൊരുക്കാത്തതിനാൽ പൊതുകക്കൂസ് ഉപയോഗിക്കാനാവുന്നില്ല

പഞ്ചായത്തിലെ ടാക്സി സ്റ്റാന്റിലെ പൊതു ശൌചാലയം ഉപയോഗക്ഷമമാക്കുന്നതിനു വേണ്ടി തൻവർഷം പഞ്ചായത്ത് രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

1) ടാക്സി സ്റ്റാന്റിൽ കിണർ നിർമ്മാണം(പ്രൊജക്ട് 259/19)

2) ടാക്സി സ്റ്റാന്റിലെ പൊതു ശൌചാലയം വൈദ്യുതീകരണം(പ്രൊജക്ട് 260/19)

ഈ രണ്ട് പ്രൊജക്ടുകളും തൻവർഷം നടപ്പിലായിട്ടില്ല. വൈദ്യുതിയും വെള്ളം ഇല്ലാത്തതു കാരണം മുൻവർഷം പണി പൂർത്തീകരിച്ച നാല് പൊതു ടോയ്‌ലറ്റും ഉപയോഗിക്കാനായിട്ടില്ല. 2019-20 വർഷത്തിൽ സ്വിച്ച് ബോർഡുകൾ സ്ഥാപിച്ചതായി 2-09-2019ൽ നടത്തിയ സൈറ്റ് പരിശോധനയിൽ കണ്ടിട്ടുണ്ട്. അപ്പോഴും പൊതു ശൌചാലയത്തിലേക്ക് വെള്ളം ലഭ്യമാക്കാനുള്ള പ്രൊജക്ട് നടപ്പിലായിട്ടില്ല. അതു കൊണ്ട് തന്നെ പൊതുകക്കൂസ് ഇപ്പോഴും ജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ല. കക്കൂസ് ഉപയോഗക്ഷമമാകുന്നതിന്റെ അടിസ്ഥാന ഘടകമായ ജലലഭ്യത ഉറപ്പാക്കാതെ കക്കൂസുകളും വൈദ്യുതീകരണവും നടത്തിയതിൽ ഈ രണ്ടിനങ്ങൾക്കായി ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുകയാണ്. പാഴ് ചെലവായി കിടക്കുന്ന പൊതുകക്കൂസിലേക്ക് ജലലഭ്യത ഉറപ്പുവരുത്തി ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## 1-26 കൺവീനർ വർക്ക് :അപാകതകൾ

പ്രവർത്തി :പുത്തൻ കുളങ്ങര പാണ്ടിക്കാട് റോഡ്

പ്രൊജക്ട് നമ്പർ :176/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ബിൽ നമ്പർ,തുക : 3/29-05-2019, 286,111 /-

എ) സർക്കുലർ നമ്പർ. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി.13-11-2014 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ കമ്മറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് കമ്മറ്റിക്ക് നൽകേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വൌച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായിട്ടില്ല.

വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ,നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ,യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അധികരിച്ച വൌച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിച്ചംഗീകരിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിക്കുകയും അതിൽ കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**ബി)** പ്രസ്തുത പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി കമ്മറ്റി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ പേരാമ്പ്ര റീജ്യണൽ സഹകരണ ബാങ്കിൽ 20833 നമ്പറായി സംയുക്ത അക്കൌണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക നൽകിയത് കൺവീനർ സുരേഷ്.പി.പിയുടെ പേരിലുള്ള 44172200010910 (IFS code. SYNB0004417) എന്ന സ്വകാര്യ അക്കൌണ്ട് നമ്പറിലേക്കാണ്.

286,111/-രൂപ കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് വരവു വന്നുവെന്നും അതിൽ നിന്നുമാണ് കമ്മറ്റിക്ക് ചെലവായ തുകകൾ ചെലവഴിച്ചതെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-27 തെരുവുവിളക്കുകളുടെ പരിപാലനം പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രൊജക്ട് നമ്പർ - 236/19

വകയിരുത്തിയ തുക - 380232

ചെലവുതുക - 380100(ബിൽ നമ്പർ 19/18-19 തി16.3.19)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ 12, 15 വാട്സ് സ്ട്രീറ്റ് ലൈറ്റുകൾ ഒന്നിന് 525 രൂപ പ്രകാരം സി.പി.ബിജു ,സ്റ്റാർ ഇലക്ട്രിക്കൽ ,കൽപത്തൂർ എന്നവർ മുഖേന വാങ്ങി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥപിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. സപ്ലൈചെയ്ത തെരുവുവിളക്കുകളുടെ ഗുണനിലവാരം സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി വൈദ്യുത ബോർഡിൽ നിന്നും അനുമതി പത്രം വാങ്ങിച്ചതായോ ,പ്രവർത്തി പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായോ കാണുന്നില്ല.
3. കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ഇൻവോയ്സ് പ്രകാരം 14 വാട്സിന്റെ 724 സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈചെയ്തിട്ടുണ്ട്. എന്നാൽ 19 വാർഡ് മെമ്പർമാരിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്ര പ്രകാരം 710 ലൈറ്റുകൾ മാത്രമെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥപിച്ചിട്ടുള്ളൂ. (17 വാർഡുകളിൽ 37 എണ്ണം വീതം. 7ാം വാർഡിൽ 41, 13ാം വാർഡിൽ 40).അവശേഷിക്കുന്ന 14 സ്ട്രീറ്റ് ലൈറ്റുകളുടെ വിനിയോഗവിവരം ലഭ്യമല്ല.

4. പ്രോജക്ട് പ്രകാരം 300 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 724 ലൈറ്റുകൾ വാങ്ങിച്ചതിലൂടെ ആവശ്യകത പരിഗണിക്കാതെയാണ് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയതെന്ന് വ്യക്തമാവുന്നു. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ രേഖകൾ, 14 സ്ട്രീറ്റ് ലൈറ്റുകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

# 1-28 എസ്.സി കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് അടവാക്കൽ -പിൻവലിച്ച തുകയുടെ പൂർണ വിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ- 48/19

വകയിരുത്തിയ തുക 300000

ചെലവുതുക 289219(ബിൽ നമ്പർ 17/18-19 തി 24.1.19- 170841

26/18-19 തി26.3.19 118378

എസ്.സി. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുകകൾ മേൽ പ്രൊജക്ട് പ്രകാരം പിൻവലിച്ച പഞ്ചായത്ത് തനത് ഫണ്ടിൽ തിരികെഅടവാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബിൽ നമ്പർ 17 പ്രകാരം പിൻവലിച്ച 170841 രൂപയുടെ വൈദ്യുതി ചാർജ് അടവാക്കിയതിന്റെ വിശദ വിവരം മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. (4/18 മുതൽ 8.11.18 വരെ വൈദ്യുത ചാർജ് അടവാക്കിയ വിവരം). ബിൽ നമ്പർ 26 പ്രകാരം പിൻവലിച്ച 118378 രൂപയുടെ ചെലവുവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു. ബിൽ പ്രകാരമുള്ള തുകയുടെ ചെലവുവിവരം പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

# 1-29 തെരുവ് വിളക്ക് സ്ഥാപിക്കൽ ക്രൂസിന് നൽകാനുള്ള തുക നൽകിയതിൽ അവ്യക്തത

പ്രൊജക്ട് നമ്പർ - 252/19

വകയിരുത്തിയ തുക - 53670

ചെലവുതുക - 53670 (ബിൽ നമ്പർ 14/18-19 തി 21.11.18)

മേൽ പ്രൊജക്ട് പ്രകാരം 2015-16 വർഷത്തിൽ ക്രൂസ് മുഖേന വാങ്ങിയ തെരുവിളക്ക് ഉപകരണങ്ങളുടെ വിലയായി (invoice no 549/27.6.15) 53670 രൂപമേൽ ബിൽ പ്രകാരം പിൻവലിച്ച് ക്രൂസിന് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയ സാമ്പത്തിക വർഷത്തിൽ ക്രൂസിന് തുക അടവാക്കാത്തതിന്റെ കാരണം വിശദമാക്കിയിട്ടില്ല് 2015-16 സാമ്പത്തിക വർഷത്തിൽ തുക അടവാക്കിയിട്ടില്ല എന്നതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമായിട്ടില്ല. തുക ചെലവഴിച്ച സാമ്പത്തിക വർഷത്തിൽ തന്നെ തുക അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കിയും മുൻ വർഷങ്ങളിൽ തുക അടവാക്കിയിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ആധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-30 മാലിന്യം നീക്കം ചെയ്യൽ ചെലവുവിവരം പൂർണമായും ലഭ്യമാവാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ – 40/18-19

വകയിരുത്തിയ തുക - 1400000

ചെലവുതുക - 1400000

മേൽ പ്രൊജക്ട് പ്രകാരം ഹരിതകർമ്മ സേനാംഗങ്ങൾ മുഖേന വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ, സീറോവേസ്റ്റ് പേരാമ്പ്ര പദ്ധതിയിൽ കൂടി ടൗണിൽ നിന്നും , കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ എന്നിവ സംസ്കരണ കേന്ദ്രത്തിലേക്ക് കയറ്റി കൊണ്ടുപോകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ നിറവ് സീറോവേസ്റ്റ് മാനേജ് മെന്റ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത കുറഞ്ഞ തുകയായ എം ക്യൂബിന് 300 രൂപ എന്ന ടെണ്ടർ അംഗീകരിക്കുകയും പഞ്ചായത്തിൽ നിന്നും ശേഖരിച്ച അജൈവ വസ്തുക്കൾ നിറവ് സെഗ്രിഗേഷൻ& രീ സൈക്ലിംഗ് യൂണിറ്റിലേക്ക് കയറ്റി അയച്ചതായും കാണുന്നു. എന്നാൽ കർണാടയിൽ സ്ഥാപിച്ചിട്ടുള്ള റീ സൈക്ലിംഗ് യൂണിറ്റിന്റെ രജിസ്റ്റർ നമ്പരോ, ലൈസൻസ് നമ്പരോ രേഖപ്പെടുത്താത്ത ഒരുലറ്റർ പാഡിൽ മാലിന്യങ്ങൾ കൈപറ്റിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം മാത്രമെ ഫയലിൽ ലഭ്യമായിട്ടുള്ളൂ. കൂടാതെ താഴെപ്പറയും പ്രകാരം 2 ഘട്ടങ്ങളിലായി 70 ലോഡ് മാലിന്യം നീക്കം ചെയ്തതിന്റെ രേഖകൾ മാത്രമെ ഫയലിൽ ലഭ്യമായിട്ടുള്ളൂ. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| മാലിന്യം കയറ്റി അയച്ചതിന്റെ വിവരം | കയറ്റിഅയച്ച മാലിന്യത്തിന്റെ അളവ് | ചെലവുതുക |
|---|---|---|
| 25-4-18 മുതൽ24-12-18 വരെ | 2134.994 എം ക്യൂബ് | 640483 |
| 23-9.18 മുതൽ 24-12-18 വരെ | 2251.278.എംക്യൂബ് | 675383 |
| | | 1315866 |

ചെലവുപത്രിക പ്രകാരം മേൽ പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ തുകയും (1400000) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1315866 രൂപയുടെ ചെലവ് രേഖകൾ മാത്രമെ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന ചെലവുരേഖകൾ, കർണാടകയിൽ പ്രവർത്തിക്കുന്ന റീസൈക്ലിംഗ് യൂണിറ്റിന്റെ ലൈസൻസ് നമ്പർ ഉൾപ്പെടെയുള്ള രേഖകൾ എന്നിവപരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-31 വായന ശാലകൾക്ക് ഫർണീച്ചർ-പ്രൊജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രൊജക്ട് നമ്പർ - 37/19

വകയിരുത്തിയ തുക - 50000

ചെലവുതുക - 49716 (ബിൽ നമ്പർ 37/18-19 തി 26.3.19

മേൽ പ്രൊജക്ട് പ്രകാരം ക്വട്ടേഷൻ നടപടികളിലൂടെ ഡ്രീം ഹോം ഫർണീച്ചർ ബാലുശ്ശേരി എന്നസ്ഥാപനത്തിൽ നിന്നും 10 മേശ, 47 കസേര എന്നിവ വാങ്ങി 10 സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 5 മേശയും , 50 കസേരയും വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. വായനശാലകൾക്ക് ഫർണീച്ചർ നൽകുക എന്നതാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത് എങ്കിലും ഫർണീച്ചർ കൈപ്പറ്റിയ സ്ഥാപനങ്ങൾ എല്ലാം തന്നെ വായനശാലകൾ ആണെന്നോ, ആയത് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവയാണെന്നോ വ്യക്തമല്ല.

ഉദാ - 1. ഇ.എം എസ് .സാംസ്കാരിക നിലയം മരുതേരി

2. ലേണേഴ്സ് തിയറ്റേഴ്സ് എരവട്ടൂർ

കൂടാതെ സ.ഉ.നമ്പർ 11/18 തി 29.1.18 പദ്ധതി മാർഗരേഖയിലോ സ.ഉ.(എം.എസ്) നമ്പർ 22/18 തി 14.2.18 സബ്സിഡി മാർഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലല്ലാതെയുള്ള വായനശാലകൾക്ക് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നിഷ്കർഷിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-32 I.K.M.വിഹിതം നൽകൽ. വിനിയോഗവിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം 150000 രൂപ (പ്രൊജക്ട് നമ്പർ 24/19 ,ബിൽ നമ്പർ 3/18-18 തി24.5.19) പിൻവലിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ I.K.M. തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-33 ഹാജർ പുസ്തകത്തിൽ അവധി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

വൗച്ചർ നം.21800303/03.07.2018 ₹390724

2018 ജൂൺമാസത്തെ ശമ്പള ബിൽ പ്രകാരം ശ്രീ.ഡി.തുളസീധരൻ നായർക്ക് (ജൂനിയർ സൂപ്രണ്ട് മൊത്ത ശമ്പളം ₹44375/-) നെറ്റ് സാലറിയായി ₹36825/- അനുവദിച്ചിട്ടുണ്ട്. ടിയാൻ 4.6.18 മുതൽ 8.6.18 വരെ അർദ്ധ വേതന അവധിയിലാണ്.15.06.2018 മുതൽ 30.06.2018 വരെ ഹാജർ പുസ്തകത്തിൽ ഹാജരോ,അവധിയോ രേഖപ്പെടുത്തിയിട്ടില്ല,മേൽ ഹാജരാവാത്ത ദിവസങ്ങളിൽ ശമ്പളം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടിയാൻ മേൽ ദിവസങ്ങളിൽ അർദ്ധവേതന അവധിയിലാണ് എന്നാണ് അറിയിച്ചത്.അവധി അപേക്ഷ വിവരങ്ങളും,സേവന പുസ്തകവും പരിശോധിച്ച് അവധി ദിവസത്തെ വിവരങ്ങൾ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-34 സംയുക്ത പരിശോധ നടത്തി കണ്ടെത്തിയ ടാപ്പുകളുടെ എണ്ണത്തിന് അനുസരിച്ച് വെള്ളക്കരം അടവാക്കുന്നില്ല

വൗച്ചർ നം.21801323/25.03.19 ₹66500

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2018 ലെ അജണ്ട 14 തീരുമാനം 1 പ്രകാരം പൊതു ടാപ്പുകളെ കുറിച്ച് വാട്ടർ അതോററ്റിയുമായി സംയുക്ത പരിശോധന നടത്തിയതിൽ (ഫയൽ നം.B5 7603/2018) ഗ്രാമ പഞ്ചായത്തിൽ 129 പൊതു ടാപ്പുകൾ ഉണ്ടെന്ന് ഭരണ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചത് അംഗീകരിച്ചിട്ടുണ്ട്,മേൽ വൗച്ചർ പ്രകാരം 152 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കിയത്. സംയുക്ത പരിശോധന നടത്തി കണ്ടെത്തിയ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കുവാൻ നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ ചെലവുകൾ കുറച്ചു കൊണ്ടു വരാൻ ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-35 അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

**1. S.C വിദ്യാർത്ഥികൾക്ക് പഠനമുറി.-നിർമ്മാണം പൂർത്തീകരിച്ചില്ല.**

മേൽ പ്രൊജക്ട് ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളും 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യഗഡു കൈപ്പറ്റി ഗുണഭോക്താക്കളിൽ ഒരാളും നാളിതുവരെ പ്രവർത്ത് പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് ഇനത്തിൽകൈപറ്റിയ തുക | റിമാർക്സ് |
|---|---|---|
| അബിൻ കൃഷ്ണൻ കരിങ്ങാറ്റിമ്മൽ, എരവട്ടൂർ | 50000 | |
| രജിത. സി. പുതിയോട്ടും താഴക്കുനി | 50000 | 1.ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിൽ ഗുണഭോക്താക്കാവിന്റെ പേര് ഇല്ല.<br>2.പഠനമുറിയുടെ എസ്റ്റിമേറ്റ് ഇല്ല<br>3.നിലവിലുള്ള വീടിന്റെ വിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല.<br>4. വിദ്യാർത്ഥി പഠിക്കുന്നതിന്റെ രേഖകൾ ഇല്ല |

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക തിരികെ ഈടാക്കാൻ കൈകൊണ്ട നടപടികൾ വിശദമാക്കിയും, ക്രമനമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവിൽ നിന്നും ആവശ്യം വേണ്ട രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**2. വീട് വൈദ്യുതീകരണം S.C-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ**

പ്രൊജക്ടു നമ്പർ -33/19

വകയിരുത്തിയ തുക - 50000

ചെലവുതുക -45000 (ബിൽ നമ്പർതി 27.3.19)

മേൽ പ്രൊജക്ടു പ്രകാരം 5 എസ്.സി ഗുണഭോക്താക്കൾക്ക് വീട് വയറിംഗിന് 9000 രൂപ വീതം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ പാറൻ കിഴക്കെ പോന്തേരി പൊയിൽ വയറിഗ് കഴിഞ്ഞ് C.D അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാതെ ടിയാന് വയറിംഗിനുള്ള ആനുകൂല്യം വിതരണം ചെയ്തതായി കാണുന്നു. സ.ഉ നമ്പർ 22/18 ത.സ്വ.ഭ.വ തി 14.2.18 ഖണ്ഡിക 6.7. പ്രകാരം വീട് വയറംഗിന് ധനസഹായം വിതരണം ചെയ്യുമ്പോൾ K.S.E.B. യിൽ C.D അടച്ചതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയതിന് ശേഷമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. ആവശ്യമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

# 1-36 വീട് വാസയോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തുകയിൽ കൂടുതൽ തുക അനുവദിച്ചു.

പ്രോജക്റ്റ് നമ്പർ /പേര് 43/2019 വീട് വാസയോഗ്യമാക്കൽ

അടങ്കൽ 1456630/- (വികസന ഫണ്ട്)

ചെലവ്-₹770000

പ്രോജക്ട് പ്രകാരം 18ാം വാർഡിലെ ഗുണഭോക്താവായ അനില കെ.കെ.നടുക്കണ്ടി എന്നവർക്ക് വീട് വാസയോഗ്യമാക്കുന്നതിന് വേണ്ടി₹100000 എസ്.ബി.ടി.പേരാമ്പ്രയിലെ നം.67379677869 ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എൽ.എസ്.ജി.ഡി.ഓവർസിയർ പരിശോധിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ 90000 രൂപ മൂല്യത്തിലാണ് പ്രവൃത്തി നടത്തേണ്ടത്. എന്നാൽ മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരം പണി പൂർത്തീകരിച്ചത് ₹100000 മൂല്യത്തിലാണ്. എസ്റ്റിമേറ്റിലുള്ളതിനേക്കാൾ ₹10000 അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സബ്സിഡി മാർഗ്ഗരേഖ പ്രകാരം മൂല്യ നിർണ്ണയ സാക്ഷ്യ പത്ര പ്രകാരം തുക അനുവദിക്കാം എന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്നാണ് അറിയിച്ചത്,എസ്റ്റിമേറ്റ് പ്രകാരം പണി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 വീട് നിർമ്മാണം പൂർത്തീയായിട്ടില്ല

പ്രോജക്ട് നമ്പർ /പേര് - S0246/2019 ചേർമല സാമ്പവ കോളനി നിവാസികൾക്ക് വീട് നിർമിച്ച് നൽകൽ

അടങ്കൽ – 900000/- (തനത് ഫണ്ട്)

390000/-(ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -280000/-ചെക്ക്നം.3441260 തീ.15.02.2019

₹200000/-ചെക്ക്നം.1449150 തീ.28.03.2019

ചേർമല സാമ്പവ കോളനിയിലെ 13 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പ്രൊജക്റ്റിന് ഭരണ സമിതിയുടെ 11.09.2018 ലെ 4ാം നമ്പർ തീരുമാന പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റിയോട് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ 04.02.2019 ലെ 15ാം നമ്പർ തീരുമാന പ്രകാരം വി.ഇ.ഒ യുടെ വിയോജന കുറിപ്പോടെ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. മേൽ ചെക്ക് പ്രകാരം 12 ഗുണഭോക്താക്കൾക്ക് ₹40000 വീതം ആദ്യ ഗഡു നൽകിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി ജില്ലാപഞ്ചായത്ത് വിഹിതമായി ₹3900000 ലഭിച്ചിട്ടുണ്ട്, ഇതിൽ നിന്നും 12 ഗുണഭോക്താക്കൾക്ക് മേൽ നമ്പർ ചെക്ക് പ്രകാരം ഒന്നാം ഗഡുവായി ₹40000 വീതം നൽകിയിട്ടുണ്ട്, പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-38 ലൈഫ് ഭവന പദ്ധതി ഹഡ്കോവിൽ നിന്ന് ലഭിച്ച വായ്പ തുക പൂർണ്ണമായി പദ്ധതി ചെലവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഹഡ്കോവിൽ നിന്ന് ആദ്യ ഗഡുവായി ലഭിച്ച വായ്പയായ ₹5598948/- മുഴുവനായി 2018-19 സാമ്പത്തിക വർഷം ചെലവ് ചെയ്തിട്ടുണ്ട്,ഇത് പദ്ധതി ചെലവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. (സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം) ചെലവ് ചെയ്ത മുഴുവൻ തുകയും ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-39 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്; കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ - 20/18-19

വകയിരുത്തിയ തുക – 567910

ചെലവുതുക – 552900(ബിൽ നമ്പർ 4/18-19 തി21.3.19 291000)

5/18-19 തി25.3.19 261900

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനൽകുന്ന മേൽ പ്രൊജക്റ്റ് പ്രകാരം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 19 എസ്.സി വിദ്യാർത്ഥികൾക്ക് ടെണ്ടർ നടപടികളിലൂടെ ബിസയർ പവർ സൊല്യൂഷൻ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ ലാപ് ടോപ്പ് കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ ഷാംലി.ഇ.പി D/Oരാഘവൻ എണ്ണപ്പിലാക്കൽ എന്ന വിദ്യാർത്ഥി 2/12/18 ൽ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം E.M.S.മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജിൽ 2017-ആഗസ്റ്റ് മുതൽ 2018 ആഗസ്റ്റ് വരെ H.D.C.& B.M.കോഴ്സിന് പഠിച്ചതായി പ്രൻസിപ്പൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റിൽ കോഴ്സ് പൂർത്തീകരിച്ച ഗുണഭോക്താവിന് 2019 മാർച്ച് മാസത്തിലാണ് ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നത്. കോഴ്സ് കാലാവധി പൂർത്തിയാക്കിയ ഗുണഭോക്താവിന് ലാപ്ടോപ്പിനായി ചെലവഴിച്ച തുക 29258 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുതുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-40 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ വിനിയോഗ വിവരം ലഭ്യമായില്ല

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം വിവിധ ഏജൻസികൾക്ക് തുക അടവാക്കിയിട്ടുണ്ടെങ്കിലും അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | അടവാക്കിയ തുക | കൈപറ്റിയ സ്ഥാപനം |
|---|---|---|
| 11/18-19 S.S.A. വിഹിതം അടവാക്കൽ | 800000(ബിൽ നമ്പർ 2/18-19 തി31.7.19 | ജില്ലാ പ്രൊജക്റ്റ് ഓഫീസർ S.S.A.കോഴിക്കോട് |
| 18/18-19 S.S.A. വിഹിതം അടവാക്കൽ | 200000(ബിൽ നമ്പർ 1/18-19 തി31.7.19 | ജില്ലാ പ്രൊജക്റ്റ് ഓഫീസർ S.S.A.കോഴിക്കോട് |
| 14/18-19 പ്ലസ്.ടു പഠിതാക്കളുടെ ഫീസ് അടവാക്കൽ | 14000 (ബിൽ നമ്പർ 8/18-19 തി26.3.19 | പ്രോഗ്രാം കോ.ഓർഡിനേറ്റർ ജില്ലാസാക്ഷരതാമിഷൻ കോഴിക്കോട് |
| 14/18-19 പ്ലസ്.ടു പഠിതാക്കളുടെ ഫീസ് അടവാക്കൽ | 14000 (ബിൽ നമ്പർ 8/18-19 തി26.3.19 | പ്രോഗ്രാം കോ.ഓർഡിനേറ്റർ ജില്ലാസാക്ഷരതാമിഷൻ കോഴിക്കോട് |
| | 1027500 | |

ചെലവുതുക തടസ്സത്തിൽ വെക്കുന്നു. മേൽതുകകളുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-41 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. <u>പ്രോജക്ട് നമ്പർ /പേര് S0064/2019 പാലിയേറ്റീവ് പരിചരണം</u>

ബിൽ നം. 6/18 തീയതി .31/10/2018

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയറിനായുള്ള മേൽ പ്രോജക്ടിൽ കിടപ്പുരോഗികൾക്ക് മരുന്ന വാങ്ങുന്നതിനായി 335000/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. ( ഇൻവോയ്സ് നം. PRF1628 തീയതി . 10/10/2018). സ്റ്റോക്ക് രജിസ്റ്ററിൽ ടി-ബാക്ട് ഓയിന്റ്മെന്റ് (5 ഗ്രാം x 300 എണ്ണം) എന്ന മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഇല്ല. 23000/- രൂപയാണ് ഈ മരുന്നിന്റെ വില.

2. <u>പ്രോജക്ട് നമ്പർ /പേര് S0059/2019 ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങി നൽകൽ</u>

ഭിന്നശേഷിക്കാർക്ക് വീൽചെയർ , വാക്കേഴ്സ് എന്നിവ നൽകുന്ന പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചതെങ്കിലും ഹിയറിംഗ് എയ്ഡ്സ് ആണ് നൽകിയിരിക്കുന്നത് . പ്രോജക്ട് റിവൈസ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമത്തിലല്ല ഉപകരണം നൽകിയിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാമാനദണ്ഡം ലംഘിച്ച് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 3-1 ക്ഷീരഗ്രാമം കറവപശുവാങ്ങുന്ന പദ്ധതി- പ്രെജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രെജക്ട് നമ്പർ 27/19

വകയിരുത്തിയ തുക- 2090000 ഗുണ.വിഹിതം2090000

ചെലവുതുക- 1705000(ബിൽ നമ്പർ 1/18-19 തി29.11.18 135000

3/18-19 തി31.12.18 112500

4/18-19 31.12.18 220000

5/18-19 തി 18.2.19 357500

6/18-19 തി27.2.19 302500

7/18-19 തി 28/2/19 82500

8/18-19 തി18.3.19 302500

9/18-19 തി23.3.19 192500

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കറവപശുക്കളെ വാങ്ങാൻ സഹായം നൽകി പഞ്ചായത്തിലെ പാലുത്പാദന വർദ്ധനവ് ലക്ഷ്യംവെച്ച് നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 62 ഗുണഭോക്താക്കൽക്ക് പശുക്കളെ വാങ്ങിയതിനുള്ള ധനസഹായ മിനത്തിൽ 1705000 രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.പ്രൊജക്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. ആനുകൂല്യം കൈപറ്റിയ മുഴുവൻ ക്ഷീരകർഷകർക്കും പശുവിന്റെ വില 55000 രൂപ കണക്കിലെടുത്ത് 50% സബ്സിഡി ഇനത്തിൽ 27500 രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും 4 കർഷകരൊഴികെ മറ്റുള്ളവരെല്ലാം 50000 രൂപ വിലകണക്കാക്കിയാണ് പശുവിനെ ഇൻഷൂർ ചെയ്തിരിക്കുന്നത്.

2. പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ പാലുത്പാദനവർദ്ധനവ് ലക്ഷ്യംവെച്ച് ബ്ലോക്ക് പരിധിക്ക് പുറത്തുനിന്നും പശുവിനെ വാങ്ങാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആനുകൂല്യം കൈപറ്റിയ 62ഗുണഭോക്താക്കളിൽ 54 പേരും ബ്ലോക്ക് പരിധിക്കുള്ളിൽ നിന്നാണ് പശുക്കളെ വാങ്ങിയിരിക്കുന്നത്. ആയതിൽതന്നെ 35 പേർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നും പശുക്കളെ വാങ്ങിച്ചതായി രേഖകളുടെ പരിശോധനയിൽ വ്യക്തമാവുന്നു

3. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളിൽ 4 പേർ വൗച്ചർ പ്രകാരമുള്ള പശുക്കളുടെ വിലയുടെ 50% ൽ അധികം തുക ആനുകൂല്യമായി കൈപറ്റിയതായി കാണുന്നു.വിശദ വിവരം താഴെക്കൊടുക്കുന്നു

| പശുവിനെ വാങ്ങിയ ആളുടെ പേര് | വൗച്ചർ പ്രകാരം വാങ്ങിയ വില | അനുവദിച്ച സബ്സിഡി തുക | അർഹമായ തുക | അധികം |
|---|---|---|---|---|
| ചന്ദ്രിക ഇ. പുന്നച്ചാലിൽ | 50000 | 27500 | 25000 | 2500 |
| പാമ്പന്റെ കീഴിൽ ഗീത | 50000 | 27500 | 25000 | 2500 |
| സതി വെള്ളയോട്ട് ചാലിൽ | 54000 | 27500 | 27000 | 500 |
| നാരായണി പടിഞ്ഞാറയിൽ | 53000 | 27500 | 26500 | 1000 |
| | | | | 6500 |

സ.ഉ.(എം എസ് )നമ്പർ22/18 തി 14.2.18 സബ്സിഡി മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡിപരിധി പശുക്കളുടെ വിലയുടെ 50% ൽ അധികരിക്കാൻ പാടില്ല. പ്രൊജക്ട് നടത്തിപ്പിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയും അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-2 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ

## പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവർത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു.സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് ഓരോ തവണയും 2%വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവർത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | കൊളോറമല കോളനി റോഡ് (202/19) | 350,000 | സുരേന്ദ്രൻ.പി.കെ,എസ്റ്റിമേറ്റ് നിരക്ക് | 36/17-01-2019, 350,000/- |

**ഈടാക്കേണ്ട പിഴയുടെ വിശദാംശം:**

| 1 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|
| | കരാർ തുക | പൂർത്തീകരിക്കേണ്ട തിയ്യതി,കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% (കാലയളവിന്റെ25%* തവണ) | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | 350,000 | 180ദിവസം (15-09-2019) | 4-01-2019 (111 ദിവസം) | 3500(45ദിവസം) | (66ദിവസം/45=1.46) 7000x1.46=10220/- | 13720/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമ പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്ക പ്പെടുന്നതിനിടയാക്കുന്നു.ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 13720/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-3 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ; കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ - 20/18-19

വകയിരുത്തിയ തുക -5 67910

ചെലവുതുക – 552900(ബിൽ നമ്പർ 4/18-19 തി21.3.19 291000)

5/18-19 തി 25.3.19 261900

പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനൽകുന്ന മേൽ പ്രൊജക്ട് പ്രകാരം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 19 എസ്.സി വിദ്യാർത്ഥികൾക്ക് ടെണ്ടർ നടപടികളിലൂടെ ബിസയർ പവർ സൊല്യൂഷൻ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ലാപ് ടോപ്പ് കൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ ഷാംലി.ഇ.പി D/Oരാഘവൻ എണ്ണപ്പിലാക്കൽ എന്നവിദ്യാർത്ഥി 2/12/18 ൽ ഹാജരാക്കിയകോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം E.M.S.മെമ്മോറിയൽ കൊ.ഓപ്പറേറ്റീവ് ട്രയിനിംഗ് കോളെജിൽ 2017-ആഗസ്റ്റ് മുതൽ 2018 ആഗസ്റ്റ് വരെ H.D.C.& B.M.കോഴ്സിന് പഠിച്ചതായി പ്രൻസിപ്പൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.2018 ആഗസ്റ്റിൽ കോഴ്സ് പൂർത്തീകരിച്ച ഗുണഭോക്താവിന്2019 മാർച്ച് മാസത്തിലാണ് ലാപ് ടോപ്പ് വിതരണം ചെയ്തിരിക്കുന്നത് . കോഴ്സ് കാലാവധി പൂർത്തിയാക്കിയ ഗുണഭോക്താവിന് ലാപ് ടോപ്പിനായി ചെലവഴിച്ച തുക 29258 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുതുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 20.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി. ഇ2/887/2019(53) തീ.27.07.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 22.03.2019 | 150000 | ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് സബ്സിഡി | 150000 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2016-17, 30.3.17 | 3900000 | ചേർമല സാംബവ കോളനി വാസികളുടെ വീട് നിർമ്മാണം. | 480000 | 3420000 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 29.03.2019 2018-19 | 600000 | നെൽകൃഷി വികസനം | 600000 | 0 |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2700000 | മത്സ്യമാർക്കറ്റ് നവീകരണം | 1411611 | 1288389 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 14.03.2019 2018-19 | 125000 | മുട്ടഗ്രാമം | 125000 | 0 |
| കോഴിക്കോട് ജില്ലാ | 15.03.2018 | 1200000 | മീറങ്ങാട്ട് കുടിവെള്ള പദ്ധതി. | 0 | 1200000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2017-18 | | | | |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 972959 | |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2018-19 | 2115983 | ലൈഫ് ഭവന പദ്ധതി | 2115983 | 0 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 22.03.19 2018-19 | 100000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 100000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 3,41,500/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ആയടത്തിൽ ദിവാകരൻ | നരക്കമ്മൽ അംഗനവാടി പൂർത്തീകരണം | 21600509 | 100000 | 0 | 100000 |
| 2 | പ്രേമൻ കുന്നമ്മൽ മീത്തൽ | മലാത്തോട്ടം കുടിവെള്ള പദ്ധതി | 21601412 | 37500 | 0 | 37500 |
| 3 | പ്രേമൻ കുന്നമ്മൽ മീത്തൽ | മഞ്ചേരികുന്ന് ഐ.എച്ച്.ഡി.പി. | 16012009 | 37500 | 0 | 39500 |
| 4 | മൊയ്തു | എരവട്ടൂർ ഗ്രാമീണ വായനശാല | 151208 | 39500 | 0 | 39500 |
| 5 | സുരേഷ് | എരവട്ടൂർ അംഗനവാടി | 04.03.2009 | 24500 | 0 | 24500 |
| 6 | പാലാട്ട് ശശി | അംഗനവാടി അഴകത്ത് താഴ റോഡ് | 07.03.2011 | 35000 | 0 | 35000 |
| 7 | സി.കെ.നാരായണൻ | പാവട്ട് പൊയിൽ നടോർ മുഴി റോഡ് | 16.01.2012 | 17500 | 0 | 17500 |
| 8 | പി.ടി.മോഹനൻ | പൊൻപറകുന്ന് വാട്ടർ സപ്ലൈ സ്കീം | 29.02.12 | 50000 | 0 | 50000 |

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രീകൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് | സ.ഉ(സാധാ) നം.2283/2015/ ത.സ്വ.ഭ.വ തിയ്യതി.25.07.2015 | 0 | 27126843 | 4666340 | 2793648 | 22460503 |
| ലൈഫ് ഭവന പദ്ധതി | -- | 11498948 | 0 | 0 | 0 | 11498948 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |
| ആകെ | 10000 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | പരാമർശം നിലനിൽക്കുന്നു |
| 2000-01 | | 2003-04 | 11.14 | ബസ് സ്റ്റാന്റ് മൂത്രപുര- കൂടുതൽ തുക നൽകിയത്. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-5 | 2006-07 | 3.79.6.3 | മണൽ വിൽപന | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകളിലെ മാലിന്യ കൂമ്പാരം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി തുക കൈമാറിയത് | പരാമർശം നിലനിൽക്കുന്നു |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2009-10 | - | ശ്രീ. കെ.സി. സുബ്രഹ്മണ്യൻ. അസിസ്റ്റന്റ് എഞ്ചിനീയർ | എൽഎഫ്4418/ സ്പെ.സെൽ/ ഡി.എസ്.സി. / ഡി2/2013തിയതി 25-07-2014 | 17480/- | - | | 17480/- |
| 2 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/ സ്പെ.സെൽ സി.എസ്.സി/ ഡി2/2012 തിയതി.21.02.2013 | 16392 | 6660/- | | 9732 രൂപ |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125099634 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112403789 |
| വരവിനങ്ങളിലുള്ള നഷ്ടം | ..0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49478 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 361512 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 6500 | ലീന.ടി.കെ.ഡയറി ഫാം ഇൻസ്പെക്ടർ |
| 3-2 | | 13720 | സൗദ.കെ.സി.അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 29258 | സുരേന്ദ്രൻ. ഹെഡ്മാസ്റ്റർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12-17 | 118378 | മനോജ്.ഒ, സെക്രട്ടറി |
| 1-12-19 | 84134 | മനോജ്.ഒ, സെക്രട്ടറി |
| 1-12-21 | 150000 | മനോജ്.ഒ, സെക്രട്ടറി |
| 1-12-24 | 9000 | രാജീവൻ.വി.വി, അസിസ്റ്റന്റ് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ലീന.ടി.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ, | തൈക്കണ്ടി, പേരാമ്പ്ര. 673525 |
| സൗദ.കെ.സി. | അസിസ്റ്റന്റ് എഞ്ചിനീയർ | തളിയോത്ത്, ചേനോളി, കോഴിക്കോട്. |
| സുരേന്ദ്രൻ | ഹെഡ് മാസ്റ്റർ | പൂവ്വറ്റകണ്ടി, മേപ്പയ്യൂർ.പി.ഒ, മേപ്പയ്യൂർ വഴി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98<br>തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11<br>തീ. 04.10.2011 | 2 | 33,56 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09<br>തീ. 05.01.2010 | 2 | 19,21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11<br>തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.<br>പി 7/2020/11തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7/1271/12<br>തീ. 05.09.2012 | 7 | |
| 2009-10,<br>10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13<br>തീ. 22.07.2013 | 23 | 2-1.2-3.2-4.2-5,<br>3-1.3-2,3-3,3-5,3-6, 3-7,3-9,3-10,3-11,3-12,<br>3-13,3-14,3-15,3-16,3-17,<br>3-18,3-19,3-20,4-3,4-7 |
| 2011-12,<br>12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15തീ. 14.09.15 | 15 | 2-1,2-2,2-3,3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>പി.4.1637/16<br>തീ. 31.10.16 | 13 | 2-1,2-2,2-3,2-4,2-5,<br>2-6,3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,<br>3-11,3-12,3-13,3-14,3-15,3-16 |
| 2015 - 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/<br>1947/16 തീ. 15.05.17 | 22 | 2-1,2-2,2-3,2-4,2-5,2-6,<br>2-7,2-8,3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,<br>3-12,3-13,3-14 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.4/1485/2017 , 03.08.2017 | 25 | 2-1,2-2,2-3,2-4,2-5,<br>2-6,2-7,2-8,3-1,3-2,3-3,3- |

| | | | |
|---|---|---|---|
| | | | 4,3-5,<br>3-6,3-7,3-8,3-9,3-10,<br>3-11,3-12,3-13,3-14,3-15,<br>3-16,3-17,3-18,3-19,3-<br>20,3-21 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.4//2019 , | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-11 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.